# കേന്ദ്ര – സംസ്ഥാന പൊതുമേഖല പ്രതിസന്ധിയും പരിഹാരവും.



**വി.ജെ. ജോസഫ്**
ജനറൽ സെക്രട്ടറി
INTUC സംസ്ഥാന കമ്മിറ്റി

വ്യവസായ – കാർഷിക – വാണിജ്യമേഖലകളിലെ പ്രവർത്തനങ്ങൾ മനുഷ്യന്റെ സാമൂഹ്യ ജീവിതപുരോഗതിയെ നിയന്ത്രിക്കുന്നു. ലോകജനതയെ പ്രധാനമായും മൂന്നായി തരംതിരിക്കാം. പണിയെടുക്കുന്നവർ, പണിയെടുപ്പി ക്കുന്നവർ, ഭരിക്കുന്നവർ. പണിയെടുപ്പിക്കുന്നവരും, ഭരിക്കുന്നവരും പണിയെടു ക്കുന്നവരെ – ചൂഷണം ചെയ്തു വന്നു. പണിയെടുപ്പിക്കുന്നവർ തമ്മിലുള്ള പരസ്പര കലഹം രൂക്ഷമായ സാഹചര്യത്തിൽ സാമൂഹ്യ–സാമ്പത്തിക ക്രമീക രണ വ്യവസ്ഥ കൾ രൂപപ്പെട്ടു.

വ്യവസായ വിപ്ലവത്തോട് കൂടി സാമ്പത്തിക രംഗത്ത് പല ആധുനിക സാമ്പത്തിക ആശയങ്ങളും ഉടലെടുത്തു. ഇതിൽ പ്രധാനമാണ് ക്യാപ്പിറ്റലിസം. ഇതിന്റെ പിഴവുകൾ ഉന്നയിച്ച് സോഷ്യലിസവും അതിനു പിന്നാലെ ഫാബിയൻ സോഷ്യലിസവും നിലവിൽ വന്നു. ക്യാപ്പിറ്റലിസം പൂർണ്ണമായും മുതലാളി ത്വത്തെ സ്വാഗതം ചെയ്തപ്പോൾ അതിനു കീഴിൽ എല്ലാം സ്വകാര്യ മേഖല യായി. സോഷ്യലിസം, തൊഴിലാളി കേന്ദ്രീകൃതമെന്ന് അവകാശപ്പെട്ടപ്പോൾ അത് സമ്പൂർണ്ണപൊതുമേഖലയായി. മുതലാളിത്തവും, സോഷ്യലിസവും ഒന്നി ച്ച് പ്രവർത്തിച്ചപ്പോൾ അത് ഫാബിയൻ സോഷ്യലിസവും സമ്മിശ്ര മേഖലയു മായി മാറി.

1769 –ൽ സ്പിന്നിംഗ് മിഷീന്റെ വരവോട് കൂടി ആരംഭിച്ച വ്യവസായ വിപ്ലവവും, തുടർന്നുള്ള വ്യവസായ – വാണിജ്യ വികസനവും, 'ഫ്രീ മാർക്കറ്റ് എക്കണോമി' എന്ന സാമ്പത്തിക ആശയത്തിന് തുടക്കമായി. ആഡം സ്മിത്ത് എന്ന സാമ്പത്തിക വിദഗ്ധന്റെ ഈ സമീപനവും ആശയവും മനുഷ്യ ജീവിത ത്തെയും, പ്രത്യേകിച്ച് തൊഴിലാളികളെയും വെല്ലുവിളിക്കുന്ന തരത്തിൽ ആയി രുന്നു. എന്നാൽ ക്യാപ്പിറ്റലിസത്തിന്റെയും, സോഷ്യലിസത്തിന്റെയും, ഫാബിയൻ സോഷ്യലിസത്തിന്റെയും അതിർവരമ്പുകൾ ഈ സാമ്പത്തിക ശാസ്ത്രത്തിന്റെ വളർച്ചയും വികാസവും തടഞ്ഞുനിർത്തി.

സോഷ്യലിസത്തിന്റെ മാത്രം വക്താക്കളായിരുന്നവർ 1986–ൽ ഗ്ലാസ് നോസ്റ്റും, പെരിസ്ട്രോയ്ക്കയുമായി രംഗത്ത് വരികയും, പൊതുമേഖലയെ തള്ളിപ്പറഞ്ഞ് ക്യാപ്പിറ്റലിസത്തെ പിൻതുണച്ചതോടു കൂടി, സ്വകാര്യ മേഖല കൂടുതൽ ശക്തിപ്രാപിച്ചു. ഈ സാഹചര്യത്തിൽ ക്യാപ്പിറ്റലിസത്തിന്റെ ഉഗ്രഭാ വമായ ഫ്രീ മാർക്കറ്റ് എക്കോണമി രംഗത്ത് വന്നു. രാജ്യാന്തര അതിരു കളുടെ എല്ലാ നിയന്ത്രണങ്ങളും ഒഴിവാക്കി മൂലധന നിക്ഷേപത്തിനും, ഉൽപാ ദനത്തിനും, വിപണനത്തിനും 1991 മുതൽ ആഗോള സ്വാഭാവം കൈവന്നു. മൂലധനം കുറവുള്ള രാജ്യങ്ങളിലേയ്ക്ക് മൂലധനവും – വേതനം കുറവുള്ള രാജ്യങ്ങളിലേയ്ക്ക് ഉൽപാദന പ്രവർത്തനങ്ങളും – ഉൽപാദനം കുറവുള്ള രാജ്യങ്ങളിലേയ്ക്ക് ഉൽപന്നങ്ങളും യഥേഷ്ടം ഒഴുകി. നിയന്ത്രിത വിപണന

ത്തിന് പകരം മത്സരകമ്പോളങ്ങൾ നിലവിൽ വന്നു. തൊഴിലാളികളുടെ അദ്ധ്വാനം കമ്പോളത്തിലെ ഉൽപന്നങ്ങൾക്ക് സമാനമായി മാറി.

അനിയന്ത്രിതവും, അശാസ്ത്രീയവുമായ മൂലധന നിക്ഷേപങ്ങളും, ഉൽപാദന, വിപണന പ്രക്രിയകളും അത്ഭുതത്തോടെ മനുഷ്യ സമൂഹം ദർശിച്ചു. ചൂത് കളിയ്ക്ക് സമാനമായ ഷെയർമാർക്കറ്റിലെ വാതുവെയ്പ്പും ഊഹക്കച്ചവടവും പെട്ടെന്നുള്ള അശാസ്ത്രീയ സാമ്പത്തിക ഉയർച്ചയ്ക്ക് കാരണമായി. ഇതിലൂടെ അത്യാഢംബര സൗഭാഗ്യങ്ങൾ ചുരുക്കം ചില വ്യക്തികൾക്കും, രാജ്യങ്ങൾക്കും അനുഭവേദ്യമായി. ആവേശഭരിതരായ ചില രാജ്യങ്ങൾ ഒത്തുചേർന്ന് ഒറ്റരാജ്യമായി മാറി. 27 രാജ്യങ്ങൾ ചേർന്ന് 1993 – ൽ രൂപീകരിക്കപ്പെട്ട യൂറോപ്യൻ യൂണിയൻ ഇതിൽ പ്രധാനമാണ്.

ഈ ലോക സാമ്പത്തിക മാറ്റത്തിൽ നിന്ന് മാറിനിൽക്കാൻ ഇന്ത്യയ്ക്ക് ആകുമായിരുന്നില്ല. 1991–ൽ ഇന്ത്യയും ഇതേ ആഗോളവൽക്കരണത്തിന്റെ പാത സ്വീകരിച്ചു. മാറ്റങ്ങൾ ഇവിടെയും വളരെ ധൃതഗതിയിൽ ദൃശ്യമായി. വ്യവസായ – വാണിജ്യ രംഗത്തെ എല്ലാ അടിസ്ഥാന മൂല്യങ്ങളും തകർത്തുള്ള ഫ്രീ മാർക്കറ്റ് എക്കണോമി എന്ന ഈ സാമ്പത്തിക ശാസ്ത്രത്തിന്റെ മുന്നേറ്റം കോടീശ്വരൻമാരെയും, ശതകോടിശ്വരൻമാരെയും വേഗത്തിൽ സൃഷ്ടിച്ചു. കോടീശ്വരൻമാർ രാജ്യകോടീശ്വരൻമാരും, ആഗോള കോടീശ്വരൻമാരുമായി മാറി. എങ്ങനെയും 'ഫോക്സ് മാഗസിനി'ലെ ലോകകോടീശ്വരൻമാരുടെ പട്ടികയിൽ ഇടംപിടിക്കുവാനുള്ള ആർത്തിയിലായി സമ്പന്നൻമാർ.

അംഗീകൃത ചൂതുകളിയായ ഓഹരി വിപണിയിലെ ക്രമാതീതമായ മുന്നേറ്റങ്ങൾ വികസനത്തിന്റെ പര്യായമായി മാറി. തൊഴിൽനിയമ വ്യവസ്ഥകൾ പരസ്യമായി ലംഘിക്കപ്പെട്ടു. സാമൂഹ്യനീതികൾ ഇല്ലാതായി. പൊതുമേഖലകൾ പുച്ഛിക്കപ്പെട്ടു. ഈ സാമ്പത്തിക ശാസ്ത്രം ഭരണക്കൂടങ്ങളെയും, നീതിന്യായ സംവിധാനങ്ങളെയും, മതനേതാക്കളെയും, സാംസ്കാരിക നായകരേയും, പത്ര–ദൃശ്യമാധ്യമങ്ങളെയും സമ്പന്നമാരുടെ കാൽക്കീഴിലാക്കി.

എന്നാൽ ഈ രീതി കേവലം 16 വർഷം പിന്നിട്ടപ്പോൾ 2007 – ൽ ആഗോള സാമ്പത്തിക മാന്ദ്യം ഒരു കൊടുങ്കാറ്റുപോലെ വീശിയടിച്ചു. ഓഹരി കമ്പോളം കുത്തനെ കൂപ്പുകുത്തി. വ്യവസായ–വാണിജ്യ രംഗങ്ങൾ ആകെ ആടിയുലഞ്ഞു. ഭരണക്കൂടങ്ങൾ പലതും തൂത്തെറിയപ്പെട്ടു. ഏകീകരിക്കപ്പെട്ട യൂറോപ്യൻ യൂണിയൻ ചിന്നഭിന്നമായി. ഗണിത ശാസ്ത്ര പിതാവ് പൈതഗോറസിന്റെയും, ആധുനിക വൈദ്യശാസ്ത്ര പിതാവ് ഹിപ്പോക്രാറ്റിന്റെയും രാജ്യമായ ഒരു കോടി ജനങ്ങൾ മാത്രമുള്ള ഗ്രീസിന്റെ പതനവും, അവിടുത്തെ മനുഷ്യരുടെ പാലയനവും അതിശയത്തോടെ ലോകം ദർശിച്ചു. 'ഫ്രീ മാർക്കറ്റ് എക്കോണമി' യുടെ വക്താക്കളും, പ്രചാരകരുമായ സാമ്പത്തിക വിദഗ്ധർ നിശബ്ദരായി. പരിഹാരമാർഗ്ഗം നിർദ്ദേശിക്കാൻ ആരും മുന്നോട്ട് വന്നില്ല. ഈ ഗുരുതര സാമ്പത്തിക – വ്യവസായ പ്രതിസന്ധിയിൽ ഇന്ത്യയ്ക്ക് തുണയായത് ജവഹർലാൽ നെഹ്റു നടപ്പിലാക്കിയ ഫാബിയൻ സോഷ്യലിസത്തിന്റെ മുഖ്യഘടകമായ പൊതുമേഖലയുടെ അടിത്തറയും ശക്തിയുമാണ്. ഭരണഘടനാസ്ഥാപനമായ ഇന്ത്യൻ റിസർവ് ബാങ്കിന്റെയും, 1969–ൽ ഇന്ദിരാഗാന്ധി നടത്തിയ ബാങ്ക് ദേശവൽകരണത്തിന്റെ ഫലമായി രൂപപ്പെട്ട പൊതുമേഖലാ

ബാങ്കുകളുടെയും പ്രവർത്തന മികവ് ബോധ്യപ്പെട്ടതും, അംഗീകരിക്കപ്പെട്ടതും ഈ കാലഘട്ടത്തിലാണ്. ഈ പ്രതിസന്ധി കാലഘട്ടത്തിൽ ലാഭ നഷ്ടങ്ങൾ നോക്കാതെ സമസ്ത മേഖലകളിലെയും പൊതുമേഖലാ സ്ഥാപനങ്ങൾ ഉൽപാദന വിപണന പ്രവർത്തനങ്ങൾ സജീവമായി നടത്തിയതോട് കൂടി ഭക്ഷ്യ ഉപഭോഗവസ്തുക്കളുടെ ക്രമാതീതമായ ക്ഷാമം ജനങ്ങൾക്ക് അനുഭവപ്പെട്ടില്ല. ബാങ്കുകളിലെയും ധനകാര്യ സ്ഥാപനങ്ങളിലെയും ജനങ്ങളുടെ നിക്ഷേപങ്ങൾക്ക് ഒരു പോറൽപോലും ഏറ്റില്ല.

ഇന്ത്യൻ പൊതുമേഖലയ്ക്ക് അടിത്തറപാകിയത് സമ്മിശ്ര സമ്പത്ത് വ്യവസ്ഥ അംഗീകരിച്ചുള്ള 1948–ലെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ വ്യവസായനയപ്രഖ്യാപനമാണ്. സോഷ്യലിസ്റ്റ് വീക്ഷണത്തോടും, കർശന വ്യവസ്ഥകളോടും കൂടി 1950–ൽ ഭരണഘടന പ്രാബല്യത്തിലായപ്പോൾ വ്യവസായ – തൊഴിൽ മേഖലയ്ക്ക് വ്യക്തമായ ഒരു ദിശാബോധമായി. 1951–ലെ പ്ലാന്റിംഗ് കമ്മീഷന്റെ രൂപീകരണവും, പഞ്ചവത്സര പദ്ധതികളുടെ തുടക്കവും പൊതുമേഖലയ്ക്ക് ശക്തിപകർന്നു. 1956 –ൽ പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട സമഗ്ര വ്യവസായനയം, വ്യവസായ വികസനത്തിന് വ്യക്തമായ ദീർഘ വീക്ഷണം നൽകിയെന്നു മാത്രമല്ല, പൊതുമേഖലയുടെ പ്രവർത്തനത്തിന് ശക്തമായ ഊർജ്ജവും, പ്രചോദനവുമേകി.

1973 ലും, 1977 ലും, 1980 ലും, 1991 ലും വ്യവസായ നയങ്ങളിൽ കാലാനുസൃതമായ വ്യതിയാനങ്ങൾ രൂപപ്പെട്ടു. പൊതുമേഖലയെ ശക്തിപ്പെടുത്തുവാനും, ഇറക്കുമതി കുറയ്ക്കുവാനും, കയറ്റുമതി പ്രോത്സാഹിപ്പിക്കുവാനും ലക്ഷ്യമിട്ട് വിദേശ ആധുനിക സാങ്കേതിക വിദ്യ കരസ്ഥമാക്കുവാനുള്ള നയങ്ങൾക്ക് 1973 ലും, 1977 ലും, 1980 ലും രൂപം കൊടുത്തപ്പോൾ, 1991 – ൽ ആഗോളവൽക്കരണത്തിന്റെ ഭാഗമായി വിദേശ മൂലധനത്തിനും, ഉൽപ്പന്ന ഇറക്കുമതിക്കും അവസരം നൽകി.

1956 –ലെ നയപ്രഖ്യാപനത്തിൽ വ്യവസായ നടത്തിപ്പ് പ്രധാനമായും മൂന്നായി തരംതിരിക്കപ്പെട്ടിരുന്നു. 17 ഇന അടിസ്ഥാന വ്യവസായങ്ങൾ പൊതുമേഖലയിൽ മാത്രമായി നിശ്ചയിക്കപ്പെട്ടപ്പോൾ, പൊതുമേഖലയും സ്വകാര്യമേഖലയും സമ്മിശ്രമായി പ്രവർത്തിക്കുന്ന പ്രത്യേക പട്ടികയും രൂപപ്പെടുത്തിയിരുന്നു. സ്വകാര്യമേഖലയ്ക്ക് യഥേഷ്ടം പ്രവർത്തിക്കാവുന്ന മേഖലയും വേർതിരിച്ച് ഈ നയത്തിൽ പ്രഖ്യാപിക്കപ്പെട്ടിരുന്നു. ചെറുകിട വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നിർദ്ദേശിക്കപ്പെട്ടു. പൊതുമേഖല മാതൃകാ സ്ഥാപനങ്ങളായി പ്രവർത്തിക്കണമെന്നും, തൊഴിലാളികളെ ചൂഷണം ചെയ്യരുതെന്നും, തൊഴിൽ നിയമവ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടണമെന്നും ഇതേ നയത്തിലൂടെ പ്രഖ്യാപിക്കപ്പെട്ടപ്പോൾ 1956 – ലെ ഈ വ്യവസായനയത്തിന് സോഷ്യലിസ്റ്റ് മുഖവും, ജനാധിപത്യ കാഴ്ചപ്പാടും കൈവന്നു. തൊഴിലാളികൾക്ക് മാനേജ്മെന്റിൽ പങ്കാളിത്തം നൽകണമെന്ന 1976 – ലെ ഭരണഘടന ഭേദഗതികൂടി ഇന്ദിരാഗാന്ധി നടത്തിയപ്പോൾ അതൊരു ചരിത്ര സംഭവമായി മാറി.

ഏകദേശം 300 ഓളം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വിവിധ മേഖലകളിലായി രാജ്യത്ത് പ്രവർത്തിക്കുന്നു. മഹാരത്ന, നവരത്ന, മിനി നവരത്ന കമ്പനികളായി ഇവയ്ക്ക് പ്രത്യേക പദവിയും നൽകപ്പെട്ടു. വ്യവ

സായ – കാർഷിക – വാണിജ്യ – സാമ്പത്തിക രംഗങ്ങളിൽ ഈ സ്ഥാപനങ്ങൾ നൽകിയ സംഭാവനകൾ രാജ്യപുരോഗതിയ്ക്കും, വളർച്ചയ്ക്കും അടിത്തറ യിട്ടപ്പോൾ അതിന്റെ ഗുണഫലങ്ങൾ പൂർണ്ണമായി ജനങ്ങളും, രാജ്യവും അനു ഭവിച്ചറിഞ്ഞു. ഇതേപാതയിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും, ഓരോ സംസ്ഥാനത്തും പ്രവർത്തിച്ചു.

അഴിമതിയുടെ കെട്ടുക്കഥകൾ പ്രചരിപ്പിച്ചും, വെള്ളാന എന്ന വിളിപ്പേര് നൽകിയും, സേവനഗുണമില്ലെന്ന് പരിഹസിച്ചും പൊതുമേഖലയെ തകർക്കു വാൻ ആരംഭം മുതൽ ആഗോളതലത്തിലും ദേശീയ – സംസ്ഥാന തലത്തിലും വൻഗൂഢാലോചനകൾ നടന്നു വന്നു. സ്വകാര്യ പത്ര – ദൃശ്യ മാധ്യമങ്ങളെ കൈയ്യിലാക്കിയും, മതമേധാവികളെ സ്വാധീനിച്ചും, ഉദ്യോഗസ്ഥപ്രമാണിമാരെ അവിഹിതമായി ഉപയോഗിച്ചും, ന്യായധിപൻമാരിൽ ആശയക്കുഴപ്പം സൃഷ്ടിച്ചും, സമ്പന്നന്മാർ നടത്തി വന്ന പൊതുമേഖലാ വിരുദ്ധനിലപാട്, ചിന്താ ശക്തിയും, പഠനശേഷിയും ഇല്ലാത്ത ചില രാഷ്ട്രീയ നേതാക്കൾ ഭരണ രംഗത്തേയ്ക്ക് കടന്നു വന്നപ്പോൾ പൊതുമേഖലയെ നാശത്തിലേയ്ക്ക് നയിച്ചു. ആഗോളവൽക്കരണവും പുത്തൻ സാമ്പത്തികനയവും കൂടിയായപ്പോൾ ഇവർക്ക് കാര്യങ്ങൾ വളരെ എളുപ്പമായി. ഇതാണ് പൊതുമേഖല ഇന്ന് നേരി ടുന്ന പ്രതിസന്ധി.

പട്ടാളം, പോലീസ്, നികുതി പിരിവ് അടിസ്ഥാന സൗകര്യങ്ങളുടെ പശ്ചാത്തല സംവിധാനം ഒരുക്കൽ എന്നിവ മാത്രം സർക്കാർ ചെയ്താൽ മതി. മറ്റെല്ലാ പ്രവർത്തനങ്ങളും സമൂഹത്തിനും, വിപണിയ്ക്കും വിട്ടു കൊടുക്കുക ഇതാണ് ഫ്രീ മാർക്കറ്റ് എക്കണോമിയുടെ അടിസ്ഥാന സാമ്പത്തിക ശാസ്ത്രം. ഇത് പൂർണ്ണമായും അംഗീകരിച്ചുള്ള നിലപാടുകളാണ് ഇപ്പോൾ സർക്കാരുകൾ സ്വീകരിച്ച് വരുന്നത്.

കേന്ദ്ര–പൊതുമേഖല സ്ഥാപനങ്ങളെല്ലാം ലാഭ–നഷ്ടങ്ങൾ നോക്കാതെ സ്ഥലവും, കെട്ടിടവും, മിഷനറിയും അളന്നു തിരിച്ച് കണക്കെടുത്ത് വിൽപ്പന നടത്തുവാൻ ശ്രമം നടത്തുന്നു. ഇതിന്റെ തെളിവാണ് കൊച്ചിൻ ഷിപ്പിയാർഡ്, വെള്ളൂർ ന്യൂസ്പ്രിന്റ്, ഹിന്ദുസ്ഥാൻ ലാറ്റക്സ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നടന്നു വരുന്നത്. ഈ രീതിയിൽ വിൽപ്പനയ്ക്കുള്ള ആമുഖം ഒരുക്കുകയാണ് ഇക്കാലമത്രയും ഭരണക്കൂടങ്ങൾ നടത്തി വന്നത്. ഇതിനായി തൊഴിലാളി കളുടെ സേവന – വേതന വ്യവസ്ഥകളിൽ നിയന്ത്രണം ഏർപ്പെടുത്തി തൊഴിലാ ളികളിൽ അസംതൃപ്തി സൃഷ്ടിച്ചു. തൊഴിലാളികളെ പെർമനെന്റ്, കാഷ്വൽ, ടെമ്പററി, ബദലി എന്നീ വിഭാഗങ്ങൾക്ക് പുറമെ കോൺട്രാക്ട് സംവിധാനവും നടപ്പിലാക്കി. കോൺട്രാക്ട് തൊഴിലാളികളെ പല വിഭാഗ ങ്ങളായി തരം തിരിച്ചു. പിരിച്ചു വിടലിന്റെയും, ആനുകൂല്യനിഷേധത്തിന്റെയും ഭീഷണി എല്ലാ തൊഴിൽ നിയമങ്ങളും ലംഘിച്ച് അരങ്ങ് തകർത്ത് ഒരു സ്ഥാപനത്തിൽ തന്നെയുള്ള തൊഴിലാളികളെ ചിന്നഭിന്നമാക്കിയിരിക്കുന്നു. ഇതിനെയെല്ലാം ചോദ്യം ചെയ്ത് തൊഴിലാളികൾക്ക് സംരക്ഷണം നൽകുവാൻ ചുമതലപ്പെട്ട തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെ നിർവീര്യമാക്കിയിരിക്കുന്നു. ഈ രീതിയിൽ തൊഴിലാളികളുടെ സംഘടിതശക്തിയെ കുറച്ച് പ്രതിഷേധത്തിന്റെ ശബ്ദം നീർവീര്യമാക്കി എല്ലാ പൊതുമേഖലയെയും സ്വകാര്യ കോർപ്പറേറ്റു കൾക്ക് വിൽപ്പന നടത്തുവാൻ ശ്രമം നടക്കുന്നു.

ഏതുതരം സാമൂഹ്യ - സാമ്പത്തിക നയം മാറ്റങ്ങളും, പ്രത്യക്ഷത്തിൽ ബാധിക്കുന്നത് പണിയെടുത്ത് ജീവിക്കുന്ന തൊഴിലാളികളായ സാധാരണ ക്കാരെയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാകുന്നതിന് പ്രധാന കാരണം, കാലകാലങ്ങളിൽ അധികാരത്തിൽ വരുന്ന സർക്കാരുകളുടെയും, ബ്യൂറോക്രസിയുടെയും സ്ഥാനത്തും, അസ്ഥാനത്തുമുള്ള അനാവശ്യ ഇടപെ ടലുകളാണ്. സർക്കാരിന്റെ നയവ്യതിയാനങ്ങൾ  പൊതുമേഖലയുടെ തകർച്ച യ്ക്ക് ആക്കം കൂട്ടുന്നു.  മുതൽമുടക്കിനായി അനുവദിക്കപ്പെടുന്ന പണം യഥാ സമയം നൽകാതിരിക്കുന്നതും, ആഗോളപ്രതിസന്ധികളും, സാമൂഹ്യ കർത്തവ്യ ത്തോടെയുള്ള പ്രവർത്തനങ്ങളും തകർച്ചയ്ക്കുള്ള  മറ്റ് കാരണങ്ങളാണ്.

പൊതുമേഖലയുടെ തലപ്പത്ത് കർമ്മശേഷിയും, സത്യസന്ധരുമായ മാനേ ജ്മെന്റിനെ നിയമിക്കുകയും, സർക്കാരിൽ നിന്നും അനുവദിക്കപ്പെടുന്ന പണം കാലതാമസം കൂടാതെ കൃത്യമായി ലഭ്യമാക്കുകയും, ഉത്തരവാദിത്വത്തോ ടെയുള്ള സ്വതന്ത്രപ്രവർത്തനം **(FREEDOM WITH RESPONSIBILITY)**  അനുവദിക്കുകയും,- ദൈനംദിന പ്രവർത്തനങ്ങളിൽ സർക്കാരിന്റെ ഇടപെടൽ അവസാനിപ്പിക്കു കയും, മുൻകാല നയവ്യതിയാനങ്ങളും, സർക്കാർ നടപടികളും, മാനേജ്മെന്റ് പ്രവർത്തന വൈകല്യങ്ങളും മൂലമുള്ള കടബാധ്യതകൾ പൂർണ്ണമായും ഒഴിവാ ക്കുകയും, മാനേജ്മെന്റിൽ തൊഴിലാളി പങ്കാളിത്തം, യഥാർത്ഥ തൊഴിലാളിയി ലൂടെ ഉറപ്പ് വരുത്തുകയും, തൊഴിലാളി ചൂഷണം ഒരു സാഹചര്യത്തിലും അനുവദിക്കാതിരിക്കുകയും, സർക്കാർ ഇടപെടൽ ആവശ്യമെങ്കിൽ ഒരു സ്വതന്ത്ര ഏജൻസിയെ ഇതിനായി നിയമിക്കുകയും ചെയ്താൽ പൊതുമേഖലാ സ്ഥാപനങ്ങൾ മാതൃകാ സ്ഥാപനങ്ങളും, രാജ്യസമ്പത്ത് വർദ്ധിപ്പിക്കുന്നവ യുമായി മാറും.  സംശയമില്ല.

പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൾപ്പെടെ തൊഴിൽ മേഖലയിലെ എല്ലാ തൊഴിലാളി വിരുദ്ധനടപടികളെയും ചെറുക്കുവാൻ രാഷ്ട്രീയ-ട്രേഡ് യൂണി യൻ അഭിപ്രായവ്യത്യാസങ്ങൾ മറന്ന് തൊഴിലാളികൾ ഒറ്റക്കെട്ടായി പണിയെടു ക്കുന്നവരുടെ വികാരം പൂർണ്ണമായി അംഗീകരിച്ച്  ഐക്യത്തോടെ മുന്നോട്ട് പോകണം. അങ്ങനെയായാൽ മാത്രമെ തൊഴിലാളികളുടെ പൂർണ്ണമായ തൊഴിൽ അവകാശ സംരക്ഷണങ്ങൾ ഉറപ്പു വരുത്തുവാൻ കഴിയൂ.

******